Mr. K. P. Kannan Nayar *(Secretary to Government):* The Railway authorities.

Mr. T. A. Ramachandra Ayyar *(Nellayi):* The other day it was said that the South Indian Railway Co., is our agent. Have not our Government power to ask the agents to make nominations?

Mr. K. P. Kannan Nayar *(Secretary to Government):* So far as our line is concerned they are our agents. But the Board is not for our line only. It is for the whole system.

Mr. T. A. Ramachandra Ayyar *(Nellayi):* Has not the Travancore Government nominated one non-official?

Mr. K. P. Kannan Nayar *(Secretary to Government):* There is one Mr. Janardhanan Pillai. I don't know whether he is a non-official or not.

CART STANDS IN ERNAKULAM—LEVY OF FEES.

7. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു സഭയും മറുപടി പറയുമോ:—

(എ) എറണാകുളം കാർട്ട്സ്റ്റാൻറുകളിൽനിന്നും വാഹനങ്ങൾക്ക് ഫീസ്സു പിരിക്കുന്ന രീതിയെ വിവരിക്കുന്ന വല്ല നിയമവും മുൻസിപ്പാലിറ്റിയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു വാഹന സ്റ്റാൻറിന്നരികിലുള്ള റോഡിൽ ആളെ ഇറക്കി അവിടെ നില്ക്കാതെ പോകുന്ന വാഹനങ്ങൾക്കു കാർട്ട്സ്റ്റാൻറിൽ ഫീസ്സു കൊടുക്കേണ്ടതാണെന്നു ആ നിയമത്തിൽ വല്ല വ്യവസ്ഥയും ഉണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: (എ) മുൻസിപ്പൽ ആക്ട് 42 (എ)-ാം വകുപ്പുപ്രകാരം ആണു വാഹനങ്ങൾക്കു ഫീസ്സു പിരിക്കുന്നതു.

(ബി) ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി: ഈ കാസ്റ്റാൻ മുനിസിപ്പാലിറ്റിയിൽ കിട്ടുന്ന അന്നു അവരെ സ്ഥലം പബ്ലിക്കു റോഡിൽ വന്നു നില്ക്കുന്ന വാഹനങ്ങളേടു ഫീസു പരിച്ചിരുന്നു എന്നുള്ള വിവരം ഗവൺമെൻറിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെ പിരിച്ചിരുന്നതായി ഇവിടെയുള്ള പബ്ലിക്കിനു നല്ലവണ്ണമറിയാം. അതുകൊണ്ടു ഈ വിഷയത്തെപ്പറ്റി ഒന്നു അന്വേഷിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

ASSAULT ON A WOMAN BY MUNICIPAL WARRANT OFFICER.

8. മിസ്റ്റർ വി കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറിൽനിന്നും സഭയും മറുപടി പറയുമോ:—

(എ) മല്ലശ്ശേരി പാലത്തിനടുത്തുള്ള പൈപ്പിൽനിന്നും വെള്ളം എടുത്തും കൊണ്ടിരുന്ന ഒരു സ്ത്രീയെ മുനിസിപ്പാൽ വാറണ്ടാഫീസർ ദേഹോപദ്രവം ഏൽപ്പിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ച) ഉണ്ടെങ്കിൽ ടി സംഗതിയെപ്പറ്റി മുനിസിപ്പാലിറ്റി എന്തു നടപടി നടത്തി?

മിസ്റ്റർ പി. ജെ. ജോജ്ജ്: (ക) ഒരുസ്ത്രീയെ ദേഹോപദ്രവം ചെയ്തതായി അറിവില്ല അറസ്റ്റ് ചെയ്തതായി റിപ്പോർട്ടുണ്ട്. പക്ഷേ സ്ഥലം മജിസ്ട്രേട്ടുകോടതിയിൽ അപ്രകാരം ആവലാതിപ്പെട്ട കേസ്സ് നിലവിലുള്ളതായി അറിവുണ്ട്.

(ഖ) ഇപ്പോൾ നടപടി ആവശ്യമില്ല.

മിസ്റ്റർ വി. കെ. കുട്ടി: മജിസ്ട്രേട്ടുകോട്ടിൽ കേസുണ്ടെന്നു പറഞ്ഞതും സ്ത്രീ കൊടുത്തിട്ടുള്ളതൊ മുനിസിപ്പാലിറ്റിയിൽ നിന്നു കൊടുത്തിട്ടുള്ളതൊ?

Mr. P. J. George (*Joint Secretary to Government*): I want notice.

മിസ്റ്റർ വി. കെ. കുട്ടി: ഈ അറസ്റ്റ് ചെയ്ത സ്ത്രീയെ എന്തു ചെയ്തു?

മിസ്റ്റർ പി. ജെ. ജോജ്ജ്: അറസ്റ്റ് ചെയ്താൽ ചിലപ്പോൾ റിമാണ്ടിൽ വെക്കും, ചിലപ്പോൾ ജാമ്യത്തിൽ വിടും.

മിസ്റ്റർ വി. കെ. കുട്ടി: അറസ്റ്റ് ചെയ്ത സ്ത്രീയെ സംബന്ധിച്ച് പൊല്ലീസ് കേസുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ്: കേസ് കോടതിയിലുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: എന്റെ അറിവ് അറസ്റ്റ് ചെയ്ത സ്ത്രീയെ പൊല്ലീസ് സ്റ്റേഷനിലേക്കു അയച്ചു. എന്നാൽ ഇതിനെ സംബന്ധിച്ച് കേസെടുപ്പാൻ നിയമമില്ലാത്തതുകൊണ്ട് ആ സ്ത്രീയെ വെറുതെ വിട്ടയക്കയാണു ചെയ്തത്. ഇപ്പോൾ ആ സ്ത്രീയാണ് കേസു കൊടുത്തിരിക്കുന്നത്. എറണാകുളം മുനിസിപ്പാൽ വാറണ്ടാപ്പീസ്സർ ആ സ്ത്രീയെ ദേഹോപദ്രവം ചെയ്തതായിട്ട് പബ്ലിക്കിനറിയാം. ആ സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തു സംഗതിക്കാണ് ആ സ്ത്രീയെ അറസ്റ്റ് ചെയ്തതു?

മിസ്റ്റർ പി. കെ. കുട്ടി: പൈപ്പിൽനിന്നു വെള്ളം എടുത്തു ടൌണിനു പുറത്തേക്കു കൊണ്ടുപോയ കാരണമൊണെന്നാണ് തോന്നുന്നതു.

NUMBER OF CASES REPORTED BY ERNAKULAM MUNICIPALITY.

9. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സഭയെ മറുപടി പറയുമോ:—

(ക) കാട്ടസ്റ്റാൻറ്, ബേസിൻ, മാർക്കറ്റ് മുതലായ സ്ഥലങ്ങളിലെ മുൻസിപ്പൽ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചു മുൻസിപ്പാലിറ്റിയിൽ നിന്നും ഇക്കൊല്ലത്തിൽ എത്രകേസ്സുകൾ എറണാകുളം ടൌൺ സ്റ്റേഷനിലേക്കു അയച്ചിട്ടുണ്ട്;

(ഖ) ഏതെല്ലാം സംഗതികളെ ഉദ്ദേശിച്ചാണ് ടി റിപ്പോർട്ടുകൾ അയച്ചിട്ടുള്ളതു;

LIBRARY ARCHIVES Kerala Legislative Assembly